# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2022-2023

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(ബി.പി.)1001/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 04/09/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി

ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), എറണാകുളം

ഓഫീസ് കോപ്പി.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(ബി.പി.)1001/2023 തീയ്യതി: 04/09/2023

## എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ്

ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാംകുട്ടി ടി.എൽ | ജോയിന്റ് ഡയറക്ടർ | 20-06-2023 | 30-06-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-06-2023 | 30-06-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പോളി ടി.ഒ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ. പ്രസാദ് പി.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. കിരൺ കെ.എസ്.,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മേരി ദേവസ്സിക്കുട്ടി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. അജയ് എ.ജെ | സെക്രട്ടറി | 01-04-2022 | 17-07-2022 |
| ശ്രീ.അഭിലാഷ് എം.ആർ | സെക്രട്ടറി | 18-07-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.പുഷ്പ വി.വി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2022 | 14-06-2022 |
| ഡോ.സിന്ധു ടി.പി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 15-06-2022 | 31-08-2022 |
| ഡോ.നസീമ നജീബ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-09-2022 | 31-03-2023 |
| ശ്രീ.എൽദോസ് എം.പി | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 10-08-2022 |
| ശ്രീ.വാസുദേവൻ സി.എൻ | പട്ടികജാതി വികസന ഓഫീസർ | 11-08-2022 | 31-03-2023 |
| ശ്രീ. ജോർജ്ജ് ജോസഫ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-05-2022 |
| ശ്രീ. ബാലകൃഷണൻ .എൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് | 01-06-2022 | 21-07-2022 |

| | | | |
|---|---|---|---|
| | എഞ്ചിനീയർ | | |
| ശ്രീ.നൗഫൽ അലി .എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 22-07-2022 | 31-03-2023 |
| ◌ീമതി.ശ്രീജ ജി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 25-07-2022 |
| ശ്രീമതി.നിലീന റാഫേൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 26-07-2022 | 04-12-2022 |
| ശ്രീമതി. പദ്മശ്രീ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 05-12-2022 | 31-03-2023 |
| ശ്രീമതി. സോയ സദാനന്ദൻ | സി.ഡി.പി.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി.സായാഹ്ന കെ.ജെ | സി.ഡി.പി.ഒ. അഡീഷണൽ | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീലേഖ ബി.ആർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി. അജിതമോൾ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.പ്രവതി പ്രസാദ്.എ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 01-12-2022 |
| ശ്രീ.ജോബി.ടി.വൈ | വ്യവസായ വികസന ഓഫീസർ | 02-12-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | ഡെപ്പോസിറ്റ് തുകകളുടെ കൃത്യത ഉറപ്പാക്കുന്നില്ല. | 1-1-1 |
| 3 | ബജറ്റ് | 1-2 |
| 4 | വാർഷികധനകാര്യപത്രിക | 1-3 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 6 | ഫണ്ട് വിനിയോഗം | 1-5 |
| 7 | പദ്ധതി അവലോകനം | 1-6 |
| 8 | ക്ഷേമപെൻഷനുകൾ | 1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 10 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 13 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അപാകതകൾ | 1-12 |
| 14 | കാഞ്ഞൂർ പഞ്ചായത്ത് പുതിയേടം പാലസ് റോഡ് ഓപ്പൺ ജിംനേഷ്യം-ലക്ഷ്യം കൈവരിച്ചില്ല | 1-13 |
| 15 | ചുറ്റുമതിൽ അറ്റകുറ്റപ്പണി ഡിപ്പാർട്ട്മെന്റ് കല്ലിന്റെ അളവ് ലഭ്യമല്ല. | 1-14 |
| 16 | ക്ഷീര വികസന ഓഫീസിലേക്ക് കമ്പ്യൂട്ടർ, സ്കാനർ, ലാപ്ടോപ് എന്നിവ വാങ്ങൽ– മുൻകൂർ | 1-15 |

| | | |
|---|---|---|
| | തുക നൽകിയിട്ടും കമ്പ്യൂട്ടർ അനുബന്ധഉപകരണങ്ങൾ ലഭ്യമായില്ല | |
| 17 | ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം-വിതരണം പൂർത്തിയാക്കിയില്ല | 1-16 |
| 18 | പ്രവർത്തി റിവൈസ് ചെയ്തതിന്റെ കാരണം വ്യക്തമല്ല. പ്രവർത്തിയുടെ ഉപയോഗം വ്യക്തമല്ല | 1-17 |
| 19 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് പഞ്ചിംഗ് മെഷീൻ വാങ്ങൽ | 1-18 |
| 20 | പാൽ വില സബ്സിഡി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-19 |
| 21 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ തുടർപ്രവർത്തനങ്ങൾ– ബ്ലോക്ക് പഞ്ചായത്ത് മേൽനോട്ടം തൃപ്തികരമല്ല | 1-20 |
| 22 | (1) കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ പദ്ധതികൾ -അപാകതകൾ | 1-21 |
| 23 | കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-22 |
| 24 | കലാകാരൻമാർക്ക് വജ്രജൂബിലി ഫെല്ലോഷിപ്പ് വിഹിതം നൽകൽ -അപാകതകൾ | 1-23 |
| 25 | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അപാകതകൾ | 1-24 |
| 26 | ഐ.കെ.എം വിഹിതം നല്കൽ | 1-25 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകളുടെ വിവരം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം –1

# പൊതു അവലോകനം

## 1–1 ഓഡിറ്റ് സാക്ഷ്യപത്രം

(1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.6.2023 ലെ കമ്മിറ്റി തീരുമാനം 1/1 പ്രകാരം തയ്യാറാക്കി 03.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

(2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

(3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും,

അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം:**

**തീയതി:** **ജോയിന്റ് ഡയറക്ടർ**

## 1-1-1 ഡെപ്പോസിറ്റ് തുകകളുടെ കൃത്യത ഉറപ്പാക്കുന്നില്ല.

വിവിധ ഇനങ്ങളിലായി വാട്ടർ അതോറിറ്റിയിൽ ₹ 27,35,600/- ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ബാലൻസ്ഷീറ്റ് പ്രകാരം ₹ 27,26,785/- യാണ് കാണിച്ചിട്ടുള്ളത്.

## 1-2 ബജറ്റ്

17/03/2022-ാം തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 21/02/2023- ാം തീയതിയിലെ 4(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വിവരം താഴെ ചേർക്കുന്നു.

| | പരിഷ്കരിച്ച ബജറ്റ് പ്രകാരം ₹ | ധനകാര്യ പത്രിക പ്രകാരം ₹ | വ്യത്യാസം ₹ |
|---|---|---|---|
| വരവ് | 8,10,16,138 | 6,75,14,768 | 1,35,01,370 |
| ചെലവ് | 8,23,40,102 | 6,57,29,462 | 1,66,10,640 |

ബജറ്റിൽ പ്രതീക്ഷിച്ചതിനേക്കാളും 1.5 കോടിയോളം രൂപയുടെ കുറവാണ് യഥാർത്ഥ വരവ്-ചെലവുകളിൽ ഉണ്ടായിട്ടുള്ളത്.

## 1–3 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2023 | 02.06.2023 | - | - |

## 1–4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹ 24,25,617 |
| വരവ് | ₹ 6,75,14,768 |
| ആകെ | ₹ 6,99,40,385 |
| ചെലവ് | ₹ 6,57,29,462 |
| നീക്കിയിരിപ്പ് | ₹ 42,10,923 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 39,34,236 |

വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് അടിസ്ഥാനമാക്കിയാണ് വരവ്-ചെലവ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കണക്കിൽ ഉൾപ്പെടാത്ത ഗ്രാന്റിനങ്ങളുടെ വിശദാംശങ്ങൾ തുടർ ഖണ്ഡികയിൽ ചേർത്തിട്ടുണ്ട്.

## 1–5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി (₹) | ACR പ്രകാരമുള്ള വരവ് (അലോട്ട് മെന്റ്) (₹) | ആകെ (₹) | ചെലവ് (RP7 പ്രകാരം) (₹) | ലാപ്സായ തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 2,83,44,200 | 2,83,44,200 | 2,48,40,069 | 35,04,131 | 0 |
| വികസന ഫണ്ട്- എസ്.സി.പി. | 0 | 1,25,13,000 | 1,25,13,000 | 1,05,12,766 | 20,00,234 | 0 |
| വികസന ഫണ്ട്- ടി.എസ്.പി. | 0 | 2,77,800 | 2,77,800 | 2,00,000 | 77,800 | 0 |
| സംരക്ഷണ ഗ്രാന്റ്- നോൺ റോഡ് | 0 | 68,75,000 | 68,75,000 | 59,74,050 | 9,00,950 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied -ട്രഷറി | 0 | 9,99,806 | 9,99,806 | 7,59,916 | 2,39,390 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied -Bank | 5,52,155 | 68,83,000 | 74,35,155 | 55,09,273 | 0 | 19,25,882** |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Basic- Bank | 66,329 | 47,37,799* | 48,04,128 | 33,48,657 | 0 | 14,55,471*** |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Basic- ട്രഷറി | 0 | 20,936 | 20,936 | 0 | 20,936 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- 320100199- MKSP | 17,820 | 1,667 | 19,487 | 18,586 | 0 | 901 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- 320100115- Total Sanitation Campaign- TSC | 5,53,685 | 16,250 | 5,69,935 | 2,35,259 | 0 | 3,34,676 |

| | | | | | | |
|---|---|---|---|---|---|---|
| 320200399-State Sponsored Schemes | 0 | 1,05,779 | 1,05,779 | 1,21,972 | 0 | 16,193 |
| 350200301-Grant For COVIDI | 1,08,100 | 0 | 1,08,100 | 0 | 0 | 1,08,100 |

* 45,89,000+1,48,799 ബാങ്ക് പലിശ
** ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പ് – ₹ 20,01,608/-
*** ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പ് – ₹ 15,29,755/-
**(പദ്ധതി തുക ചെലവഴിച്ചെങ്കിലും, നികുതികളും മറ്റു കിഴിവുകളും യഥാസമയം കൊടുക്കാതിരുന്നതിനാൽ ബാലൻസ് കൂടി നിൽക്കുന്നു.)**

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 105 | 7,51,16,602 | 86 | 5,44,74,463 | 10 | 19 | 76 | 72.38% |

## 1-7 ക്ഷേമപെൻഷനുകൾ

ഇല്ല

## 1-8 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല.

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-06-2023-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത തീയതിയിൽ ക്യാഷ് ബാലൻസ് ഒന്നുമില്ലെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1. വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിംഗ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിംഗിലൂടെ സാധ്യമാകുന്നത്. ഓഡിറ്റ് വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകളുടെ ഇത്തരത്തിൽ മോണിട്ടറിംഗിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിംഗ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. മോണിട്ടറിംഗ് സമിതികൾ പ്രോജക്ടുകളുടെ ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിയിട്ടില്ല.

*2.* ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ (BIPMAR) പ്രവർത്തനത്തിന് വ്യക്തമായ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടില്ല. വരവുകൾ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിക്കാതെ പ്രത്യേകം തുടങ്ങിയ സ്വകാര്യ ബാങ്ക് അക്കൗണ്ടിലാണ് (HDFC Bank Angamaly) നിക്ഷേപിക്കുന്നത്. ബൈലോക്ക് അംഗീകാരം വാങ്ങി ബ്ലോക്ക് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സ്ഥാപനം പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ സത്വര ശ്രദ്ധ ഈ

വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച കാലയളവ് |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 02.06.2023 | 2022-23 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.02.2022 | 2016-17മുതൽ 2020-21 വരെ | 12.04.2022 |

## 1-12 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ് - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | SO 87/23-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് |
| നിർവഹണ ഉദ്യോഗസ്ഥൻ | സി.ഡി.പി.ഒ അഡീഷണൽ, അങ്കമാലി |
| അടങ്കൽ തുക ₹ | 13,38,240/- (വികസന ഫണ്ട്-ജനറൽ) |
| ചെലവഴിച്ച തുക ₹ | 13,38,240/-(വികസനഫണ്ട്- ജനറൽ) |

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി മുഖേന താഴെ പറയും പ്രകാരം വിവിധ പഞ്ചായത്തുകളിലെ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് ഫണ്ട് നൽകിയിട്ടുണ്ട്.

| പഞ്ചായത്തിന്റെ പേര് | തുക (₹) | ബിൽ നം |
|---|---|---|
| തുറവൂർ ഗ്രാമ പഞ്ചായത്ത് | 4,82,310 | 305/25.02.23 |
| കാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് | 4,00,190 | 251/22.02.23 |

| | | |
|---|---|---|
| കാലടി ഗ്രാമ പഞ്ചായത്ത് | 4,55,740 | 347/25.02.23 |
| ആകെ | 13,38,240 | |

പഞ്ചായത്തിൽ നിന്നും തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ട്. ഇതിൽ തുറവൂർ ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന രണ്ട് ഗുണഭോക്താക്കളുടെ തുക ക്രെഡിറ്റായതായി കാണുന്നില്ല.

| ഗുണഭോക്താവിന്റെ പേര് | തുക (₹) |
|---|---|
| ദേവിക സി.എ | 8700 |
| ആരാധ്യ പ്രവീൺ | 8700 |

നിലവിൽ തുക ക്രെഡിറ്റായിട്ടുണ്ടെങ്കിൽ ആയതിന്റെ സ്റ്റേറ്റ്മെന്റ് സഹിതം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 04/23.06.2023) ലഭ്യമാക്കിയ മറുപടിയിൽ തുക നാളിതുവരെയും ക്രെഡിറ്റായിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. ട്രഷറിയിൽ ബിൽ സമർപ്പിച്ച വേളയിൽ പ്രസ്തുത ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് ആക്ടീവ് അല്ലാതിരുന്നതാലാണ് തുക യഥാസമയം ക്രഡിറ്റാവാതിരുന്നതെന്നും, നിലവിൽ ട്രഷറി സസ്പെൻസ് അക്കൗണ്ടിലാണ് തുകയുള്ളതെന്നുമാണ് മറുപടിയിൽ പറയുന്നത്.

വിവിധ പദ്ധതികൾക്കായി ചെലവഴിക്കുന്ന തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ എത്തുന്നുണ്ടെന്ന് യഥാസമയം പരിശോധിച്ചുറപ്പാക്കേണ്ടത് അതാത് നിർവ്വഹണ ഉദ്യോഗസ്ഥരാണ്. യഥാസമയം ട്രഷറി അധികൃതരെ അറിയിച്ച് അപാകത പരിഹരിച്ചിരുന്നുവെങ്കിൽ പദ്ധതി പ്രകാരം ചെലവഴിച്ച തുക ഗുണഭോക്താവിന് ലഭിക്കുമായിരുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് ഗുണഭോക്താക്കൾക്ക് തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. അതുവരെ ₹ 17,400/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-13 കാഞ്ഞൂർ പഞ്ചായത്ത് പുതിയേടം പാലസ് റോഡ് ഓപ്പൺ ജിംനേഷ്യം-ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | SO 105/23-കാഞ്ഞൂർ പഞ്ചായത്ത് പുതിയേടം പാലസ് റോഡ് ഓപ്പൺ ജിംനേഷ്യം |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് അങ്കമാലി |
| അടങ്കൽ തുക ₹ | 5,00,000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവഴിച്ച തുക ₹ | 4,60,000/- ബിൽ നം 246/26.03.2023) |

കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ പുതിയേടെ പാലസ് റോഡിൽ ഒരു ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നതിന് വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. ടെണ്ടർ നടപടികളിൽ കുറഞ്ഞ നിരക്കായ ₹ 2,89,150/- രേഖപ്പെടുത്തിയ ഓർഡിയന്റ് എന്റർപ്രൈസസ് മലപ്പുറം എന്ന സ്ഥാപനത്തിന് സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി സപ്ലൈ ഓർഡർ നൽകാൻ കമ്മിറ്റി തീരുമാനിച്ചു (തീരുമാനം നം 2(5)/06.01.2023). അടങ്കൽ തുകയേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ഓഫർ വന്നതിനാൽ കൂടുതൽ എണ്ണം ഉപകരണങ്ങൾ വാങ്ങുവാൻ കമ്മിറ്റി തീരുമാനമെടുക്കുകയും (തീരുമാനം നം2(4)/13.01.2023) അതനുസരിച്ച് താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

| Sl No | Items | Quantity | Rate(₹) | Amount(₹) |
|---|---|---|---|---|
| 1 | Airwalker Double | 2 | 38000 | 76000 |
| 2 | Ski Trainer | 1 | 36200 | 36200 |
| 3 | ABB Trainer | 2 | 29500 | 59000 |
| 4 | Standing Twister Double | 1 | 29300 | 29300 |
| 5 | Bench With Fixed Dumbell | 2 | 31200 | 62400 |
| 6 | Step Trainer | 2 | 36150 | 72300 |

| | | | | |
|---|---|---|---|---|
| 7 | Leg Press | 1 | 26500 | 26500 |
| 8 | Leg EXTENSION | 1 | 19300 | 19300 |
| 9 | Pendulam Double | 2 | 39500 | 79000 |
| | Total | 14 | | 4,60,000 |

14.03.2023 ലെ 220 - ാം നമ്പർ ഇൻവോയ്സ് പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്യുകയും ജി.എസ്.ടി. 18 % തുകയായ ₹ 70169/- ഉൾപ്പെടെ ₹ 4,60,000/- സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ആദ്യം 9 ഉപകരണങ്ങൾ വാങ്ങാനാണ് പദ്ധതിയുണ്ടായിരുന്നത്. പിന്നീട് കുറഞ്ഞ നിരക്കിൽ സാധനങ്ങൾ ലഭ്യമായതിനാൽ 14 എണ്ണം വാങ്ങാൻ തീരുമാനിക്കുകയായിരുന്നു. ഇത്രയും ഉപകരണങ്ങൾ സ്ഥാപിക്കുവാനുള്ള സ്ഥല സൗകര്യം പദ്ധതി പ്രദേശത്ത് ഉണ്ടോയെന്ന് ഉറപ്പാക്കാതെയാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.

2. സാധനങ്ങൾ സപ്ലൈ ചെയ്ത് സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി വരെയും അവ സ്ഥാപിച്ചിട്ടില്ല. കരാർ പ്രകാരം (നം.14/22-23 തീയതി.06.02.2023) സാധനങ്ങൾ സപ്ലൈ ചെയ്ത തീയതി മുതൽ ഒരു വർഷത്തേക്കാണ് ഉപകരണങ്ങൾക്ക് വാറന്റിയുള്ളത്. 14.03.2023 ലെ ഇൻവോയ്സ് പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തിട്ടും അവ സ്ഥാപിക്കാത്തത് മൂലം ഉപകരണങ്ങൾക്ക് ലഭിക്കുന്ന വാറന്റി കാലയളവ് കുറവ് ആകുവാൻ സാധ്യതയുണ്ട്.

3. 2.5 ലക്ഷത്തിനു മുകളിലുള്ള ബില്ലുകളിൽ 2 % ജി.എസ്.ടി ടി.ഡി.എസ് ഈടാക്കേണ്ടതായിരുന്നു. നികുതി ഒഴികെയുള്ള സാധനങ്ങളുടെ വിലയായ ₹ 389830/- യുടെ 2 % ₹ 7797/- ജി.എസ്.ടി ടി.ഡി.എസ് ഈടാക്കാതെയാണ് സപ്ലൈയർക്ക് തുക നൽകിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/27.06.2023) മറുപടി ലഭ്യമാക്കിയില്ല. വാങ്ങിയ ഉപകരണങ്ങൾ സ്ഥാപിച്ച് ഓപ്പൺ ജിം പ്രവർത്തനക്ഷമമാക്കേണ്ടതാണ്. പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനാൽ ഇതിലേക്കായി ചെലവഴിച്ച ₹ 4,60,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ജി.എസ്.ടി ടി.ഡി.എസ് ഈടാക്കാത്ത സാഹചര്യത്തിൽ സപ്ലയേഴ്സ് ജി.എസ്.ടി സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കാൻ അവരുടെ നികുതി

റിട്ടേണിന്റെ പകർപ്പ് വാങ്ങി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-14 ചുറ്റുമതിൽ അറ്റകുറ്റപ്പണി ഡിപ്പാർട്ട്മെന്റ് കല്ലിന്റെ അളവ് ലഭ്യമല്ല.**

| | |
|---|---|
| പ്രൊജക്റ്റ് നം | 9/2023 |
| പ്രവർത്തി | കോമ്പൗണ്ട് വാൾ മെയിന്റനൻസ് - പ്രി - മെട്രിക് ഹോസ്റ്റൽ, മലായാറ്റൂർ |
| എസ്റ്റിമേറ്റ് ₹ | 2,80,000/- |
| കരാറുകാരൻ | എം എ ബിനി |
| എം. ബുക്ക്. | 30/21-22 |
| ആകെ ചെലവ് ₹ | 2,78,703/- Bill No. 25,22/8/22 |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഇടിഞ്ഞ് പോയിട്ടുള്ള ചുറ്റ മതിൽ പുതുക്കി പണിയുന്നതിന് 18m നീളത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കുകയും അതിന് മുകളിലിൽ സോളിഡ് ബ്രിക്സ് ഉപയോഗിച്ച് ചുറ്റ മതിൽ പണിയുകയും അതിന് മുകളിൽ ഫെൻസിംഗ് ചെയ്യുകയെന്നതുമാണ്.

പ്രവർത്തിയുടെ എം ബുക്ക് പ്രകാരം സംരക്ഷണഭിത്തി ( DR Masonry) നിർമ്മിച്ചതിന് 23.355 M3 X 3491.51 / M3 = ₹ 81,544/- നൽകിയിട്ടുണ്ട്.

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ചുറ്റ മതിലിന്റെ ഇടിഞ്ഞ് പോയിട്ടുള്ള ആ ഭാഗം പുനർനിർമ്മിക്കുക എന്നതാണ്. എന്നാൽ നിലവിലുണ്ടായിരുന്ന സംരക്ഷണഭിത്തിയുടെ കല്ല് (ഡിപ്പാർട്ട്മെന്റ് കല്ല്) ഉപയോഗിച്ചാണോ ഇവ നിർമ്മിച്ചത് എന്ന് ഫയൽ കൊണ്ട് വ്യക്തമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.7, തീയതി. 24.06.2023 – ന് ലഭിച്ച മറുപടിയിൽ ഡിപ്പാർമെന്റ് റബിൾ ഉപയോഗിച്ചല്ല സംരക്ഷണഭിത്തി നിർമ്മിച്ചതെന്നും എന്ന പഴയ നിർമ്മിതി വെട്ടുകല്ല് ആയിരുന്നവെന്നും മറുപടിയിൽ പറയുന്നു. നിലവിലെ സംരക്ഷണഭിത്തി വെട്ടുകല്ല് ഉപയോഗിച്ചാണോ പണിതത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

**1-15 ക്ഷീര വികസന ഓഫീസിലേക്ക് കമ്പ്യൂട്ടർ, സ്കാനർ, ലാപ്ടോപ് എന്നിവ വാങ്ങൽ- മുൻകൂർ തുക നൽകിയിട്ടും കമ്പ്യൂട്ടർ അനുബന്ധഉപകരണങ്ങൾ ലഭ്യമായില്ല**

| | |
|---|---|
| പ്രൊജക്ട് | ക്ഷീര വികസന ഓഫീസിലേക്ക് കമ്പ്യൂട്ടർ, സ്കാനർ, ലാപ്ടോപ് എന്നിവ വാങ്ങൽ(86/23) |
| നിർവ്വഹണം | ക്ഷീര വികസന ഓഫീസർ |
| അടങ്കൽ | ₹ 150000/- (MG -NR) |
| ചെലവ് | ₹ 150000/- |
| ബിൽ നമ്പർ/ തുക | 37476/12.01.2023(കമ്പ്യൂട്ടർ -2എണ്ണം) - തുക : ₹ 92576<br>87509/06.02.2023(സ്കാനർ) - തുക : ₹ 22476<br>40393/21.02.2023(ലാപ്ടോപ്പ്) - തുക : ₹ 34948 |

മേൽ പദ്ധതി പ്രകാരം ₹ 150000/- മുൻകൂറായി ഐ.ടി.മിഷന് (കെൽട്രോണിന്) നൽകിയിട്ടുണ്ട്. കെൽട്രോണിന്റെ താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരമുള്ള തുകയാണ് മുൻകൂറായി നൽകിയത്.

| ഇനം | ഇൻവോയ്സ് നമ്പർ | തുക (₹) |
|---|---|---|
| ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ | 43972/21.12.2022 | 92576 |
| സ്കാനർ | 45108/25.01.2023 | 22476 |
| ലാപ്ടോപ്പ് | 45109/25.01.2023 | 39121 |
| ആകെ | | ₹ 154173/-<br>(4173/- 2021-22 വർഷത്തെ ബില്ലിൽ നിന്നും അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്) |

എന്നാൽ കമ്പ്യൂട്ടർ ഒഴികെ സ്കാനർ, ലാപ്ടോപ് എന്നിവ ലഭ്യമായതു സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/27.06.2023) മറുപടി ലഭിച്ചില്ല. തുടർനടപടികൾ സ്വീകരിച്ച് സ്കാനർ, ലാപ്ടോപ് എന്നിവ ലഭ്യമാക്കുകയോ തുക തിരികെ വാങ്ങി സർക്കാരിലേക്ക് ഒടുക്കുകയോ ചെയ്യേണ്ടതാണ്. അതുവരെ സ്കാനർ, ലാപ്ടോപ് എന്നിവയുടെ ചെലവ് തുകയായ ₹ 61597/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

2) 2021-22 വർഷത്തെ 61/22 നമ്പർ പദ്ധതി പ്രകാരം ₹ 103331/- കമ്പ്യൂട്ടർ, യു.പി.എസ് എന്നിവ വാങ്ങുന്നതിന് കെൽട്രോണിന് നൽകിയിരുന്നു.

| ക്രമ.നം | കെൽട്രോൺ- ഇൻവോയ്സ് നം, തീയതി | ഉപകരണങ്ങളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ |
|---|---|---|
| 1 | 32323/25.11.2021 | ഡെസ്ക്ടോപ്പ് Medium End Ubuntu Intel(2എണ്ണം)- @30004=₹ 60008/- |
| 2 | 32321/25.11.2021 | പ്രിന്റർ (1എണ്ണം) = ₹ 20018/- |
| 3 | 32322/25.11.2021 | 1 KVA യുപിഎസ് Medium End (1എണ്ണം) =₹ 23305/- |
| | ആകെ | ₹ 103331/- |

മേൽ പ്രോഫോർമ ഇൻവോയ്സുകൾ പ്രകാരം തുക അടവാക്കിയ ശേഷം സ്റ്റോക്ക് ഇല്ലാതിരുന്നതിനാൽ പർച്ചേസ് ഓർഡർ നൽകാൻ സാധിക്കാതിരിക്കുകയും പിന്നീട് സ്റ്റോക്ക് ലഭ്യമായപ്പോൾ ബില്ല് മാറിയ തുകയേക്കാൾ വില വർദ്ധിച്ചതിനാൽ കെൽട്രോണിന് മുൻകൂറായി നൽകിയ ₹ 103331/- യിൽ നിന്നും 42839/12.11.2022 നമ്പർ ഇൻവോയ്സ് പ്രകാരം ₹ 92576/-ക്ക് (46288*2) രണ്ട് ഡസ്ക്ടോപ്പ് കമ്പ്യൂട്ടറുകളാണ് ലഭ്യമായിട്ടുള്ളത്. ടി തുക കിഴിച്ച് ബാക്കിയുള്ള ₹ 10755/- യിൽ നിന്നും ₹ 4173/- 86/23-നമ്പർ പദ്ധതിയിലേക്ക് വകയിരുത്തുന്നതിനും ബാക്കി തുകയായ ₹ 6582/- ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരികെ നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കെൽട്രോണിന് കത്ത് (118/23 തീയതി: 19.05.2023) നൽകിയിട്ടുണ്ട്. പ്രസ്തുത തുക കെൽട്രോണിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/27.06.2023) മറുപടി ലഭിച്ചില്ല. തുക

തിരികെ ലഭ്യമാക്കി രേഖകൾ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്.

## 1-16 ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം-വിതരണം പൂർത്തിയാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | SO 80/23 – ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം |
| നിർവഹണ ഉദ്യോഗസ്ഥൻ | സി.ഡി.പി.ഒ അങ്കമാലി മെയിൻ |
| അടങ്കൽ തുക | ₹ 14,33,308/- (വികസന ഫണ്ട്-ജനറൽ) |
| ചെലവഴിച്ച തുക | ₹ 13,27,860/-(ബിൽ നം 4/21.02.2023-₹ 1860/-, ബിൽ നം. 8/23.03.23-7,₹ 14,000/-, ബിൽ നം 9/23.03.2023-6, ₹ 12,000) |

ഭിന്നശേഷിക്കാരായവർക്ക് സൈഡ് വീലോട് കൂടിയ ഇരുചക്ര വാഹനം വാങ്ങി നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും അംഗീകരിച്ച് നൽകിയ ഗുണഭോക്താക്കൾക്കാണ് പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നത്. തൻവർഷം 13 സ്കൂട്ടറുകൾ കെൽട്രോൺ മുഖേന വാങ്ങിയതിനും, ആവശ്യകതാ നിർണ്ണയ ക്യാമ്പ് നടത്തിയതിനുമാണ് തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിട്ടുള്ളതാണ് (നം 03/22.06.2023).

1. 4 വാഹനങ്ങൾ നാളിതുവരെ വിതരണം ചെയ്യാതെ ബ്ലോക്ക് ഓഫീസ് കോംമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. വാഹനം മോട്ടോർ വാഹന വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടില്ല.

2. താഴെ പറയുന്ന ഗുണഭോക്താക്കൾ ലേണേഴ്സ് ലൈസൻസ് ഹാജരാക്കിയിട്ടില്ല.
1 മോഹനൻ കെ.കെ, മഞ്ഞപ്ര ഗ്രാമ പഞ്ചായത്ത്.
2.ആനീസ് ആന്റണി , മലയാറ്റൂർ ഗ്രാമ പഞ്ചായത്ത്.
3.മല്ലിക എം.ജി, കാലടി ഗ്രാമ പഞ്ചായത്ത്..

കെൽട്രോൺ ഇലക്ട്രോ സെറാമിക്സ്, കുറ്റിപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ പ്രൊഫോർമ്മ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിക്കാതെ ഒരെണ്ണത്തിന് ₹ 1,02,000/- നിരക്കിലാണ്

13 വാഹനങ്ങൾ വാങ്ങിയിട്ടുള്ളത് (13X 1,02,000 = ₹ 13,26,000/-). രണ്ട് തവണയായി 13 വാഹനങ്ങളും സപ്ലൈ ചെയ്തിട്ടുണ്ട്. ഇൻവോയ്സ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം, തീയതി | ഇനം | എണ്ണം | ആകെ വില (₹) | റിമാർക്സ് | ഒരെണ്ണത്തിന്റെ വില (₹) |
|---|---|---|---|---|---|
| 5138/22.02.23, 24.03.2023 | Hero Maestro Edge Scooter 110CC | 6 | 4,06,896 | 28% നികുതി ഉൾപ്പെടെ | 67,816 |
| 5140/2022-23, 24.03.2023 | Side Wheel Attachment | 6 | 2,05,104 | 5 % നികുതി ഉൾപ്പെടെ | 34,184 |
| 5139/22.02.23, 24.03.2023 | Hero Maestro Edge Scooter 110CC | 7 | 4,74,712 | 28% നികുതി ഉൾപ്പെടെ | 67,816 |
| 5140/2022-23, 24.03.2023 | Side Wheel Attachment | 7 | 2,39,288 | 5 % നികുതി ഉൾപ്പെടെ | 34,184 |
| ആകെ | | 13 | 13,26,000 | | 1,02,000 |

സ്കൂട്ടറിന്റെ വിലയുടെ പകുതിയിലധികം തുക സൈഡ് വീൽ ഘടിപ്പിക്കുന്നതിന് ചെലവായതായി കാണുന്നു. ഇത്തരത്തിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് പരമാവധി മാർക്കറ്റ് വില ₹ 16,000/- യേ . മാർക്കറ്റ് വില പരിഗണിക്കാതെ കെൽട്രോണിന്റെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം സപ്ലൈ ഓർഡർ നൽകിയതിലൂടെ 2.5 ലക്ഷത്തോളം തുക അധികച്ചെലവുണ്ടായിട്ടുണ്ടായതായി കാണുന്നു.

4.സ്ഥാപനത്തിന്റെ ബിൽതുകയിൽ നിന്നും 2 % ജി.എസ്.ടി. ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങാണമെന്നുള്ളതിനാലാണ് പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ വാഹനങ്ങൾ വാങ്ങിയതെന്നും, മാർച്ചിലെ അവസാന ദിവസങ്ങളിൽ തിരക്കിട്ട് ട്രഷറിയിൽ ബിൽ സമർപ്പിച്ചതിനാൽ ജി.എസ്.ടി.ടി.ഡി.എസ് ഈടാക്കാൻ വിട്ടുപോയെന്നും, രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാവാത്തതിനാലാണ് വാഹനങ്ങളുടെ വിതരണം പൂർത്തിയാക്കാൻ വൈകിയതെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പറയുന്നത്. പൊതുമേഖലാസ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന ഉൽപന്നങ്ങൾ വാങ്ങുന്നതിനുമാത്രമാണ് ടെണ്ടർ വ്യവസ്ഥയിൽ ഇളവുള്ളത്. അല്ലാത്ത ഉൽപന്നങ്ങൾ ടെണ്ടർ ചെയ്യേണ്ടതും, മാർക്കറ്റ് നിരക്കു പ്രകാരമുള്ള വിലയേക്കാൾ അധികരിക്കാതെയും ഗുണനിലവാരം ഉറപ്പുവരുത്തിയും സാധനങ്ങൾ വാങ്ങുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. വാഹനങ്ങളുടെ വിതരണം പൂർത്തിയാക്കി വിവരം അറിയിക്കുന്നതുവരെ , വിതരണം ചെയ്യാത്ത 4 വാഹനങ്ങളുടെ വിലയായ ₹ 4,08,000/- (1,02,000x4)യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തദ്ദേശ സ്വയംഭരണ(ഡി എ) വകുപ്പിന്റെ 08.11.2022 ലെ ഡഎ1/387/2022 നമ്പർ സർക്കുലർ പ്രകാരം മുച്ചക്ര വാഹനം പോലെയുള്ള ചെലവുകൂടിയ ഉപകരണങ്ങൾ ജില്ലാ പഞ്ചായത്ത് മുഖേന വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിർവ്വഹണ ഘട്ടത്തിലായതിനാലും, ഭേദഗതി ചെയ്യാൻ നിർവ്വാഹമില്ലാത്തതിനാലും വാങ്ങൽ നടപടികളുമായി മുന്നോട്ടുപോകാമെന്നുള്ള കമ്മിറ്റിയുടെ 06.01.2023 ലെ 2(7) നം തീരുമാന പ്രകാരമാണ് പദ്ധതി നിർവ്വഹിച്ചിട്ടുള്ളത്. പ്രസ്തുത അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-17 പ്രവർത്തി റിവൈസ് ചെയ്തതിന്റെ കാരണം വ്യക്തമല്ല. പ്രവർത്തിയുടെ ഉപയോഗം വ്യക്തമല്ല**

| | |
|---|---|
| പ്രൊജക്ട് നം | 5/2023 |
| പ്രവർത്തി | പറമ്പയം വനിത വിപണന കേന്ദ്രം , മുക്ക |
| എസ്റ്റിമേറ്റ് | ₹ 5,00,000/- |
| കരാറുകാരൻ | ജിതിൻ സേവ്യർ |
| എം. ബുക്ക്. | 28/21-22 |

| | |
|---|---|
| ആകെ ചെലവ് | ₹ 3,74,070/- Bill No. 28, 23/8/22<br>₹ 1,02,101/- Bill No.335,30-3-22 |

വനിത വിപണന കേന്ദ്രം നിർമ്മാണ പദ്ധതിയിൽ അംഗൻവാടി നം. 77 – ന് മുകളിലായി 50 M2 ഏരിയ 2.85 മീറ്റർ ഉയരത്തിൽ സോളിഡ് ബ്രിക്ക് ഉപയോഗിച്ച് ഭിത്തി പണിത് റൂഫിംഗ് ചെയ്യുക എന്നതാണ് പ്രവർത്തി. ഇതിൽ 1.5m X 1.5 M അളവിലുള്ള 7 ജനലുകളും അതിന്റെ ഷട്ടറുകളും ഉൾപ്പെട്ടിരുന്നു. എന്നാൽ ഈ പ്രവർത്തി റിവൈസ് ചെയ്ത് 1.3 മീറ്റർ ഉയരത്തിൽ സോളിഡ് ബ്രിക്ക് ഉപയോഗിച്ച് ഭിത്തി 1.3 മീറ്റർ ഉയരത്തിൽ പണിയുകയും അതിന് മുകളിൽ ഭിത്തിയുടെ മുഴുവൻ ഏരിയയും കമ്പി ഉപയോഗിച്ച് ഗ്രില്ല് പണിത് അതിനു മുകളിലാണ് റൂഫിംഗ് ചെയ്തിട്ടുള്ളത്.

പ്രസ്തുത സ്ഥലം നേരിൽ പരിശോധിച്ചതിൽ ഗ്രില്ലിന് ഷട്ടർ ഇല്ലാത്തതിനാൽ കാറ്റടിച്ച് മഴവെള്ളം വീഴുകയും മറ്റു ജന്തുക്കളുടെ ശല്യവും ഉണ്ടാകുവാൻ സാധ്യതയുണ്ട്. മാത്രമല്ല ഗ്രില്ലിന് പുറത്തുള്ള മുഴുവൻ ഏരിയയും ഷട്ടർ നിർമ്മിക്കുക എന്നത് പ്രയാസമാണ് എന്നും കാണുന്നു. ആയതിനാൽ ഈ കെട്ടിടത്തിൽ ഒരു വിപണന കേന്ദ്രം സാധ്യമല്ലായെന്ന് അനുമാനിക്കുന്നു. ഈ പ്രവർത്തി റിവൈസ് ചെയ്തതിന്റെ വിശദീകരണം നൽകേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 8, തീയതി. 26.06.2023 ന് ലഭിച്ച മറുപടിയിൽ നിലവിലുള്ള ഭിത്തിയിൽ ബലക്ഷയം ഉണ്ടെന്നും ഭിത്തിയിലെ വിള്ളലുകൾ കാരണമാണ് എസ്റ്റിമേറ്റിൽ മാറ്റം വരുത്തിയത് എന്ന് മറുപടി ലഭ്യമാക്കി. കൂടാതെ ഈ കെട്ടിടത്തിന്റെ സമീപത്തുള്ള ക്വാറിയിൽ കല്ല് പൊട്ടിക്കുമ്പോൾ കെട്ടിടത്തിന് കുലുക്കം അനുഭവപ്പെടുന്നു എന്നും മറുപടിയിൽ പറയുന്നു. എസ്റ്റിമേറ്റ് പ്രകാരം പ്രവർത്തി ചെയ്യുമ്പോൾ നിലവിലെ ഭിത്തിക്ക് കൂടുതൽ അധിക ഭാരത്തിന് വരാൻ സാധ്യതയുള്ളതുകൊണ്ടാണ് ആയത് ഒഴിവാക്കി Light Structure ആയി മാറ്റി ചെയ്തിട്ടുള്ളതാണെന്നും കെട്ടിടത്തിന്റെ ഉള്ളിൽ നിന്നും അലൂമിനിയം ഫേബ്രിക്കേഷൻ ഷട്ടർ നൽകാൻ കഴിയും എന്നും മറുപടിയിൽ പറയുന്നു.

ഒരു അങ്കൻവാടി പ്രവൃത്തിക്കുന്ന കെട്ടിടമായതിനാലും പ്രവൃത്തി ദിനങ്ങളിൽ കുട്ടികൾ ഹാജരാകുന്നതുകൊണ്ടും കെട്ടിടത്തിന് ബലക്ഷയം ഉള്ളത് കൊണ്ടുമാണ് എസ്റ്റിമേറ്റിൽ മാറ്റം വരുത്തിയത് എന്ന മറുപടി തൃപ്തികരമല്ല. ഈ കെട്ടിടത്തിന്റെ ബലക്ഷയം പരിശോധിച്ച് അത് പരിഹരിക്കേണ്ടതിന്

വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഈ ബന്ധപ്പെട്ട ആവശ്യത്തിനായി ഉപയോഗിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് പഞ്ചിംഗ് മെഷീൻ വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നം, പേര് | SOS 121/23-ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് പഞ്ചിംഗ് മെഷീൻ വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് അങ്കമാലി |
| അടങ്കൽ തുക | ₹ 1,00,000/- (തനതു ഫണ്ട്) |
| ചെലവഴിച്ച തുക | ₹ 26,877/-(തനതു ഫണ്ട്) (UTR N0 RBI0872374579378/27.03.2023) |

ബ്ലോക്ക് പഞ്ചായത്തുകളിൽ ബയോമെടിക് പഞ്ചിംഗ് മെഷീൻ ഏർപ്പെടുത്തുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ഗ്രാമവികസന കമ്മീഷണറുടെ നിർദ്ദേശമനുസരിച്ച് കെൽട്രോണിന് തുക കൈമാറുന്നതിന് മേൽ പ്രകാരം പദ്ധതി രൂപീകരിച്ചിരുന്നു. ഒരു ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ "AEBAS" സംവിധാനം ഏർപ്പെടുത്തുന്നതിന് ₹ 53,754/- യുടെ എസ്റ്റിമേറ്റാണ് കെൽട്രോൺ നൽകിയിട്ടുള്ളത്. ഇതിന്റെ 50 % തുക കെൽട്രോണിന് മുൻകൂർ നൽകേണ്ടതും, 40 % തുക ഇൻസ്റ്റലേഷനു ശേഷവും, "SPARK" മായി ബന്ധിപ്പിച്ചതിനു ശേഷം ബാലൻസ് 10 % തുകയും നൽകേണ്ടതാണെന്ന നിർദ്ദേശമനുസരിച്ച് തൻവർഷം ₹ 26,877/- മേൽ പദ്ധതി വഴി കെൽട്രോണിന് നൽകിയിട്ടുണ്ട്.

നിലവിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 10/27.06.2023) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി പൂർത്തിയാക്കി വിവരം അറിയിക്കുന്നതുവരെ ചെലവായ ₹ 26,877/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 പാൽ വില സബ്സിഡി – വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം/ പേര് | 84/22-23 പാൽ വില സബ്സിഡി |
| അടങ്കൽ | ₹ 1500000/- (വികസന ഫണ്ട്) |
| ചെലവ് | 1500000 |
| ബില്ല് നം/തീയതി/തുക | 01/22-23 തീയതി : 19.01.2023 തുക : ₹40938<br>02/22-23 തീയതി: 10.02.2023 തുക : ₹ 125000/-<br>03/22-23 തീയതി : 10.02.2023 തുക : ₹ 125000/-<br>04/22-23 തീയതി : 29.01.2023 തുക : ₹ 125000/-<br>05/22-23 തീയതി : 17.02.2023 തുക : ₹ 225000/-<br>06/22-23 തീയതി : 17.02.2023 തുക : ₹ 34251/-<br>07/22-23 തീയതി : 27.02.2023 തുക : ₹ 225000/-<br>08/22-23 തീയതി : 03.03.2023 തുക : ₹ 225000/-<br>09/22-23 തീയതി : 16.03.2023 തുക : ₹ 115971/-<br>10/22-23 തീയതി : 17.03.2023 തുക : ₹ 99900/-<br>11/22-23 തീയതി : 17.03.2023 തുക : ₹ 74778/-<br>12/22-23 തീയതി : 17.03.2023 തുക : ₹ 84162/- |

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് സംയുക്ത പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. പദ്ധതിയുടെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ₹ 1500000/- 8 ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച നൽകിയിട്ടുണ്ട്.

| ക്രമ നം. | പഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക ₹ |
|---|---|---|
| 1 | മൂക്കന്നൂർ | 2,25,000 |
| 2 | അയ്യമ്പുഴ | 1,25,000 |
| 3 | കറുകുറ്റി | 1,25,000 |
| 4 | കാലടി | 1,25,000 |

| | | |
|---|---|---|
| 5 | കാഞ്ഞൂർ | 2,25,000 |
| 6 | തുറവൂർ | 2,25,000 |
| 7 | മഞ്ഞപ്ര | 2,25,000 |
| 8 | മലയാറ്റൂർ-നീലീശ്വരം | 2,25,000 |
| | ആകെ | 15,00,000 |

എന്നാൽ തുക പൂർണ്ണമായി ചെലവഴിച്ചത് സംബന്ധിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പഞ്ചായത്തുകളിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. ഇതു സബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (01/20.06.2023) മറുപടി നൽകിയില്ല.

## 1-20 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ തുടർപ്രവർത്തനങ്ങൾ- ബ്ലോക്ക് പഞ്ചായത്ത് മേൽനോട്ടം തൃപ്തികരമല്ല

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | SO 81/23- ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ തുടർപ്രവർത്തനങ്ങൾ |
| നിർവഹണ ഉദ്യോഗസ്ഥൻ | സി.ഡി.പി.ഒ അങ്കമാലി മെയിൻ |
| അടങ്കൽ തുക | ₹ 3,40,000/- (വികസന ഫണ്ട്-ജനറൽ)<br>₹ 1,00,000/- (തനതു ഫണ്ട്)<br>₹ 4,40,000 |
| ചെലവഴിച്ച തുക | ₹ 86380/-വികസനഫണ്ട്.<br>₹ 78,403/-(തനതു ഫണ്ട്) |

ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ തുടർപ്രവർത്തനങ്ങൾ എന്ന പദ്ധതിയിൽ പീച്ചാനിക്കാട് ആരംഭിച്ചിട്ടുള്ള BIPMAR ( Block Institute Of Physical Medicine And Rehabilitation Center) എന്ന

സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കായാണ് തുക ചെലവഴിച്ചിട്ടുള്ളത്. ശാരീരിക മാനസിക വൈകല്യങ്ങളുള്ള കുട്ടികൾക്ക് Speech Therapy, Physio Therapy, Occupational Therapy, Psycho Therapy തുടങ്ങിയ സേവനങ്ങൾ കുറഞ്ഞ ചെലവിൽ ലഭ്യമാക്കുകയാണ് സ്ഥാപനത്തിന്റെ ലക്ഷ്യം. സർക്കാർ സ്വയംഭരണ സ്ഥാപനമായ കല്ലേറ്റുംകര NIPMR എന്ന സ്ഥാപനത്തിൽ നിന്നുള്ള വിദഗ്ധരുടെ സേവനമാണ് ഇവിടെ ലഭ്യമാക്കുന്നത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി ( നം. 2/22.06.2023 ) നൽകിയിട്ടുള്ളതാണ്.

1) ചികിൽസക്കായി വരുന്നവരുടെ പക്കൽ നിന്നും ഈടാക്കുന്ന ഫീസ് നിലവിൽ സ്ഥാപനത്തിന്റെ പേരിൽ തുടങ്ങിയിട്ടുള്ള Angamaly HDFC Bank ലാണ് അടവാക്കുന്നത്. (Account No 50200076523388). കളക്ഷന് രസീത് നൽകുന്നുണ്ടെങ്കിൽ അതിന്റെ സ്റ്റോക്ക് രജിസ്റ്ററും രസീതു ബുക്കുകളും, കളക്ഷൻ രജിസ്റ്ററും ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

2) സ്ഥാപനത്തിൽ സേവനം ചെയ്യുന്ന ഒരു ഫുൾ ടൈം സ്വീപ്പർ, അസിസ്റ്റന്റ് ടീച്ചർ എന്നിവരുടെ വേതനവും, NIPMR ൽ നിന്നുള്ള തെറാപ്പിസ്റ്റുകൾക്ക് നൽകുന്ന വേതനവുമാണ് പ്രധാന ചെലവിനങ്ങൾ. തെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യമാവുന്ന തീയതികളിൽ ദിവസവേതനാടിസ്ഥാനത്തിലാണ് തുക നൽകുന്നത്. ഇത്ര ദിവസങ്ങളിൽ ജോലിക്ക് വന്നിട്ടുണ്ടെന്നുള്ള NIPMR ൽ നിന്നുള്ള ക്ലെയിം സ്റ്റേറ്റ്മെന്റ് കൂടാതെയാണ് വേതനം നൽകിയതായി കാണുന്നത്. തുക അനുവദിക്കുന്നതിനുള്ള സ്ഥാപനത്തിന്റെ ഡിമാന്റ് ലെറ്റർ ലഭ്യമാക്കിയതായി കാണുന്നില്ല.

3) ഓരോ ദിവസവും വരുന്നവരിൽ നിന്നും ലഭിക്കുന്ന ഫീസിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇത്ര പേർ വന്നിരുന്നുവെന്ന് പേപ്പറിൽ എഴുതിയുണ്ടാക്കിയ കണക്കനുസരിച്ചാണ് ഫീസ് അടവാക്കുന്നത്. ഇതിനായി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

എന്നാൽ NIPMR ൽ നിന്നുള്ള ക്ലെയിം സ്റ്റേറ്റ്മെന്റ് വാങ്ങി വേതനം നൽകുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ചികിൽസക്കായി വരുന്നവരുടെ പക്കൽ നിന്നും ഈടാക്കുന്ന ഫീസ് നിലവിൽ സ്ഥാപനത്തിന്റെ പേരിൽ തുടങ്ങിയിട്ടുള്ള Angamaly HDFC Bank ലാണ് അടവാക്കുന്നത്. സ്ഥാപനം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതിനാൽ വരവുതുക ബ്ലോക്ക് പഞ്ചായത്ത് തനതുഫണ്ടിൽ അടവാക്കേണ്ടതാണ്. നിലവിൽ ഉപയോഗിക്കുന്ന രസീതു ബുക്കുകളിൽ ക്രമ നമ്പർ ഇല്ലാത്തതും, കൃത്യമായ

കണക്ക് ലഭിക്കാൻ കഴിയാത്തതുമാണ്. സ്വന്തമായി അച്ചടിച്ച ഈ രസീതു ബുക്കുകൾ തീരുന്ന മുറക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഇഷ്യൂ ചെയ്യുന്ന രസീതു ബുക്കുകൾ ഉപയോഗിക്കേണ്ടതും, കളക്ഷൻതുക അടുത്ത പ്രവൃത്തി ദിവസം തന്നെ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കേണ്ടതുമാണ്. സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് ഒരു കരട് ബൈലോ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് വിദഗ്ധപരിശോധന നടത്തി അംഗീകാരം വാങ്ങിയിട്ടില്ല. അപാകതകൾ പരിഹരിച്ച് സെന്ററിന്റെ പ്രവർത്തനം നല്ലരീതിയിൽ കൊണ്ടുപോകുവാൻ ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-21 (1) കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ പദ്ധതികൾ -അപാകതകൾ

| | |
|---|---|
| പ്രൊജക്ട് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലേക്ക് ഫർണിച്ചർ, കമ്പ്യൂട്ടർ, യു.പി.എസ് വാങ്ങൽ(95/23) |
| നിർവ്വഹണം | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| അടങ്കൽ | ₹140000/- (MG -NR) |
| ചെലവ് | ₹ 140000/- |
| ബിൽ നമ്പർ/തീയതി/തുക | 57503/24.03.2023(കമ്പ്യൂട്ടർ , UPS) - തുക : ₹ 96294/-<br>57486/24.03.2023(ഫർണിച്ചർ) - തുക : ₹ 43706/- |

മേൽ പദ്ധതി പ്രകാരം ₹ 96294/- ഐ.ടി.മിഷനും (കെൽട്രോൺ), ₹ 43706/- ARTCO Ltd, തൃശ്ശൂരിനും മുൻകൂറായി നൽകിയിട്ടുണ്ട്. കെൽട്രോൺ, ARTCO Ltd എന്നിവരുടെ താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരമുള്ള തുകയാണ് മുൻകൂറായി നൽകിയത്

| ഇനം | ഇൻവോയ്സ് നമ്പർ | ഇൻവോയ്സ് പ്രകാരമുള്ള തുക ₹ | ബിൽ പ്രകാരം മുൻകൂർ നൽകിയ തുക₹ |
|---|---|---|---|
| യു.പി.എസ് | 5617/10.03.2023 | 36038 | 96294 |
| കമ്പ്യൂട്ടർ | 47730/21.03.2023 | 60256 | |
| ഫർണിച്ചർ(ARTCO | TSR588/20.20.23 | 55000 | 43706 |

| | | | |
|---|---|---|---|
| Ltd) | | | |
| ആകെ | | | 140000/- |

എന്നാൽ യു.പി.എസ് ഒഴികെ കമ്പ്യൂട്ടർ, ഫർണിച്ചർ എന്നിവ ലഭ്യമായത് സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ച് ഉപകരണങ്ങൾ ലഭ്യമാക്കുകയോ തുക തിരികെ വാങ്ങി സർക്കാരിലേക്ക് ഒടുക്കുകയോ ചെയ്യേണ്ടതാണ്. അതുവരെ ചെലവായ ₹ 103962/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

അപാകതകൾ താഴെ കൊടുക്കുന്നു.

I)കെൽട്രോണിൻ മുൻകൂറായി തുക നൽകിയെങ്കിലും കെൽട്രോണുമായി കരാർ ചമച്ചിട്ടില്ല.

Ii)കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടപ്പോൾ UPS മാത്രം രേഖപ്പെടുത്തിയ പുതിയ സ്റ്റോക്ക് രജിസ്റ്ററാണ് ലഭ്യമാക്കിയത്. ഓഫീസിൽ മുൻപ് ലഭ്യമായിട്ടുള്ള കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ആയതിൽ രേഖപ്പെടുത്തിയിട്ടില്ല. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)മേൽ പദ്ധതി പ്രകാരം ഫർണിച്ചർ വാങ്ങുന്നതിന് ARTCO Ltd, തൃശ്ശൂർ താഴെ പറയും പ്രകാരം ₹ 55000/- യുടെ TSR588/20.03.2023 നമ്പർ ടാക്സ് ഇൻവോയ്സ് നൽകിയിട്ടുണ്ട്.

| Sl.No | Name Of Product/Service | Quantity | Rate Including GST/unit | Total |
|---|---|---|---|---|
| 1 | Computer Table With Sliding Keyboard Provision For CPU/UPS Made Up Of Prelaminated Particle Board | 1 | 5310 | 5310 |
| 2 | Steel Jefferson Chair With Perforated Seat And Back With Wooden Writing Pad | 10 | 3422 | 34220 |

| | | | | |
|---|---|---|---|---|
| 3 | Offebrd- Office Cupboard Made Up Of Pre Laminated Particle Board With Chest Of Drawers | 1 | 12862 | 12862 |
| 4 | Pea9-Plastic Chair Armed | 2 | 784.70 | 1569.40 |
| 5 | Stlss1-Stool S S | 1 | 1038.40 | 1038.40 |
| Total Amount | | | | 54999.8 (Round Off To 55000) |

പദ്ധതി അടങ്കൽ തുകയായ ₹ 140000/- യിൽ ₹ 96294/- കമ്പ്യൂട്ടർ, യു.പി.എസ് എന്നിവയക്ക് ചെലവായതിൽ ബാക്കിയുള്ള ₹ 43706/- യും ARTCO Ltd, തൃശ്ശൂരിന് നൽകിയിട്ടുണ്ട്. എന്നാൽ ഏതൊക്കെ ഫർണിച്ചറുകളാണ് മേൽ തുകയ്ക്ക് വാങ്ങുന്നതിനായി പർച്ചേസ് ഓർഡർ നൽകിയതെന്ന് വ്യക്തമല്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലെ ദൈനംദിന ചെലവുകൾക്കായി താഴെ പറയും പ്രകാരം പ്രൊജക്ട് രൂപീകരിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് | ബ്ലോക്ക് പഞ്ചായത്തിലെ നിർവ്വഹണോദ്യോഗസ്ഥരുടെ ഓഫീസുകളിലെ ദൈനംദിന ചെലവുകൾ -കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്(93/23) |
| നിർവ്വഹണം | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| അടങ്കൽ | ₹30000/- (MG -NR) |
| ചെലവ് | ₹ 30000/- |
| ബിൽ | 47450/22.12.2022 - തുക : 14912 |

| | |
|---|---|
| നമ്പർ/തീയതി/തുക | 57466/23.03.2023 - തുക : 15088 |

പ്രസ്തുത പദ്ധതി വിഹിതത്തിൽ നിന്നും TSR588/20.03.2023 നമ്പർ ടാക്സ് ഇൻവോയ്സ് പ്രകാരം ഫർണിച്ചർ(chair) വാങ്ങുന്നതിലേക്കായി ₹ 1015/- ചെലവഴിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/27.06.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-22 കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

താഴെ പറയുന്ന വിവിധ പദ്ധതികളിലായി കേരള വാട്ടർ അതോറിറ്റിക്ക് തുക നൽകിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | നൽകിയ തുക (₹) | ബിൽ നം, തീയതി | ഫണ്ടിനം |
|---|---|---|---|---|
| 1 | 30/23-കറുകുറ്റി ഗ്രാമ പഞ്ചായത്ത്-ആമത്തറ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 8,41,600 | 124/12.01.2023 | CFC-tied Fund |
| 2 | 29/23-മഞ്ഞപ്ര ഗ്രാമ പഞ്ചായത്ത്-പുതുമന കപ്പേള ചന്ദ്രപ്പുര കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 6,00,000 | 114/10.01.2023 | ,, |
| 3 | 28/23-മഞ്ഞപ്ര ഗ്രാമ പഞ്ചായത്ത്-ശാന്തിനഗർ- | 6,00,000 | 113/10.01.2023 | ,, |

| | | | | |
|---|---|---|---|---|
| | പുല്ലൻത്താൻ കവല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | | | |
| 4 | 25/23-കറുകുറ്റി ഗ്രാമ പഞ്ചായത്ത്-പാലിശ്ശേരിശാസ്താമ്പാറ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 5,00,000 | 123/12.01.2023 | ,, |
| 5 | 111/23-കാഞ്ഞൂർ ഗ്രാമ പഞ്ചായത്ത്- 2ാം വാർഡ് എ.കെ.ജി ലൈൻ - റെയിൽ റോഡ് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 1,00,000 | 135/23.01.2023 | |
| | | 94,000 | ചെക്ക് നം 6946187/24.01.2023 | |
| | ആകെ | 27,35,600 | | |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതികളിലായി ₹ 27,35,600/- വാട്ടർ അതോറിറ്റിക്ക് മുൻകൂർ നൽകിയിട്ടുണ്ട്. ഡെപ്പോസിറ്റ് വർക്കിനായി പ്രാദേശിക സർക്കാരുകൾ KWA, KSEB പോലുള്ള അക്രഡിറ്റഡ് ഏജൻസികളിൽ നൽകുന്ന തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക അതാതു വർഷം തന്നെ സംസ്ഥാന സഞ്ചിത നിധിയിൽ തിരിച്ചടക്കേണ്ടതാണെന്ന് ധനകാര്യ (എസ്.എഫ്.സി-സെൽ എ) വകുപ്പിന്റെ 09.03.2023 ലെ സ.ഉ(കൈ) നം. 38/2003/ധന ഉത്തരവിൽ നിർദ്ദേശമുള്ളതാണ്.

പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ മേൽ ഉത്തരവ് പ്രകാരം തുക തിരികെ ലഭ്യമാക്കി സഞ്ചിത നിധിയിൽ അടവാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണെന്നും, പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കണ്ടതാണെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 9/27.06.2023) വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നാണ് മറുപടി നല്കിയിട്ടുള്ളത്. കൂടാതെ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് വാട്ടർ അതോറിറ്റി തുകയൊന്നും തിരിച്ചു നൽകിയിട്ടില്ലെന്നുമാണ് അറിയിച്ചത്.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ വാട്ടർ അതോറിറ്റിക്ക് മുൻകൂർ നൽകിയ ₹ 27,35,600/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത സർക്കാർ ഉത്തരവ് വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## 1-23 കലാകാരൻമാർക്ക് വജ്രജൂബിലി ഫെല്ലോഷിപ്പ് വിഹിതം നൽകൽ -അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | S47/23-കലാകാരൻമാർക്ക് വജ്രജൂബിലി ഫെല്ലോഷിപ്പ് വിഹിതം നൽകൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് അങ്കമാലി |
| അടങ്കൽ തുക | ₹ 5,85,000/- (തനതു ഫണ്ട്) |
| ചെലവഴിച്ച തുക | ചെക്ക് നം 6946123/02.09.2022-2,25,000/-<br>ചെക്ക് നം 6946165/02.12.2022-90,000/-<br>ചെക്ക് നം 6946168/09.12.2022-45,000/-<br>ചെക്ക് നം 6946196/13.02.2023-37,500/-<br>ചെക്ക് നം 2603620/13.03.2023-37,500/-<br>ചെക്ക് നം 2506299/30.03.2023-1,20,000/-<br>ആകെ----------₹ 5,55,000/-(സുലേഖ പ്രകാരം ₹ 3,97,500/-) |

സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കി വരുന്ന ആയിരം യുവകലാകാരൻമാർക്കുള്ള വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി വഴി തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളിൽ വിന്യസിപ്പിക്കപ്പെടുന്ന കലാകാരൻമാർക്ക് പ്രതിമാസം ₹ 7500/- വിഹിതം നൽകുന്ന പദ്ധതിയാണിത്. അങ്കമാലി ബ്ലോക്ക് ക്ലസ്റ്ററിൽ ഇപ്രകാരം വിന്യസിക്കപ്പെട്ട താഴെ പറയുന്ന കലാകാരൻമാർക്ക് 2022-23 വർഷം മേൽപ്രകാരം ഫെല്ലോഷിപ്പ് വിഹിതം നൽകിയിട്ടുണ്ട്.

| ക്രമ നം | പേര് | ഇനം |
|---|---|---|
| 1 | അഖില ഭാസ്കരൻ | മോഹിനിയാട്ടം |
| 2 | സിജി.കെ.കെ | സംഗീതം (വോക്കൽ) |
| 3 | വിനീത.w | ചിത്രകല |
| 4 | സുരേഷ് എ എസ് | നാടൻപാട്ട് |
| 5 | സുനിൽകുമാർ എസ് | നാടകം |
| 6 | ഹരിപ്രസാദ് ബി | ചുമർചിത്രകല |
| 7 | ആനന്ദ് ജിജോ ആന്റണി | നാടകം |
| 8 | ദേവൻ ടി.എം | മുടിയേറ്റ് |
| 9 | അനിരുദ്ധൻ വി.വി | ചുമർചിത്രകല |

കലാകാരൻമാരുടെ ഹാജർ, പദ്ധതി പ്രവർത്തനം തുടങ്ങിയവ പരിശോധിച്ച് ക്ലസ്റ്റർ കൺവീനർ, ജില്ലാ കോ-ഓർഡിനേറ്റർ എന്നിവർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകേണ്ടത്.

പദ്ധതി ഫയലിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ നൽകുന്ന സാക്ഷ്യപത്രം മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. മേൽ കലാകാരൻമാരുടെ പ്രവർത്തനത്തെ സംബന്ധിച്ച റിപ്പോർട്ടോ ഹാജർ വിവരങ്ങളോ ഒന്നും ഫയലിലില്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിലില്ല.

ആകെ ചെലവ് ₹ 5,55,000/-ആണെങ്കിലും സുലേഖ വത്രികയിൽ ₹ 3,97,500/- മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. അപാകതക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/27.06.2023 ) മറുപടി ലഭ്യമാക്കിയില്ല.

അവരുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച റിപ്പോർട്ടും, അതാത് ബ്ലോക്ക് ഡിവിഷൻ മെമ്പറുടെ സാക്ഷ്യപത്രവും ഹാജരാക്കുന്നതിനുകൂടി മേൽ കലാകാരൻമാരോട് നിർദ്ദേശിക്കാവുന്നതാണ്. യുവകലാകാരൻമാർക്ക് പ്രോൽസാഹനം നൽകുന്ന ഈ പദ്ധതി ലക്ഷ്യം നിറവേറ്റുന്നുണ്ടെന്ന് മോണിറ്ററിംഗ് സമിതി ഉറപ്പു വരുത്തേണ്ടതാണ്.

## 1-24 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അപാകതകൾ

ഓരോ വർഷവും ലക്ഷകണക്കിന് തുകയാണ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് വേണ്ടി പൈപ്പ് ദീർഘിപ്പിക്കുന്നതിനായി ചെലവഴിക്കുന്നത്. അതിൽതന്നെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ ഒരു വർഷം ഒന്നിൽ കൂടുതൽ പ്രൊജക്ട് ഇപ്രകാരം പൈപ്പ് ദീർഘിപ്പിക്കലിനായി പദ്ധതിയിടുന്നുണ്ട്. എന്നാൽ ഈ പൈപ്പ് ഇടുന്ന സ്ഥലം ഏതാണ് എന്നോ അതായത് ഏത് റോഡിൽ അഥവാ ആരുടെ സ്ഥലത്താണോ എന്നോ ഇതിന്റെ ഗുണഭോക്താക്കളുടെ വിവരങ്ങളോ ലഭ്യമല്ല. ആയതിനാൽ ഈ പ്രവൃത്തി നേരിട്ട് പരിശോധിക്കാനും സാധ്യമല്ല. മാത്രമല്ല ഓരോ വർഷവും ഇപ്രകാരമുള്ള പ്രവൃത്തി ചെയ്യുന്നതിനാൽ ഏത് വർഷത്തെ പ്രവൃത്തിയാണെന്ന് മനസിലാക്കാൻ കഴിയുന്നില്ല. ഒരോ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ എവിടെയെല്ലാം പൈപ്പ് സ്ഥാപിച്ചിട്ടുണ്ട് എന്നോ ഇതിന്റെ ഗുണഭോക്താക്കളുടെ വിവരങ്ങളോ ലഭ്യമല്ല.

ആയതിനാൽ ഒരോ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലും ഇതുവരെ എവിടെയെല്ലാം പൈപ്പ് സ്ഥാപിച്ചിട്ടുണ്ട് എന്നും ആയതിലെ ഗുണഭോക്താക്കളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. മാത്രമല്ല ഈ പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്ത് / ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചും പൈപ്പ് നീട്ടി ഇടുന്നതും രേഖപ്പെടുത്തി പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

ഈ വർഷം ചെയ്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1) | പ്രൊജക്ട് നം | 2/2023 |
| | പ്രവൃത്തി | കറുകറ്റി കരയാം പറമ്പ് ലിഫ്റ്റ് ഇറിഗേഷൻ- വെസ്റ്റ് ഗ്രീൻലാന്റ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| | കരാറുകാരൻ | ശ്രീ. കെ എ ജോയി |

| | | |
|---|---|---|
| | എഗ്രിമെന്റ് | 23/AE/ 20-21 Dated 23-1-22 |
| | എം ബുക്ക് | 32/21-22 |
| | എസ്റ്റിമേറ്റ് | ₹ 8,50,000/- |
| | ആകെ പ്രവൃത്തി | Bill No.322/27-3-22) ₹ 6,48,538/-<br>Bill No.24/ 20-8-22-22) ₹ 1,07,081/- |

ഈ പ്രവൃത്തിക്ക് 160 Mm 6kg F/cm2 Pvc പൈപ്പ് 425.30 മീറ്റർ നീളത്തിൽ ഇടുന്നതിന് ആകെ
425.3 M X 1450/m = ₹ 6,16,685 /-
110 Mm 6kgf/cm2 Pvc പൈപ്പ് 37.5 മീറ്റർ നീളത്തിൽ ഇടുന്നതിനും
37.7 M X 850/m = ₹ 31,875/- മറ്റ് പ്രവർത്തികളും ഉൾപ്പെടെ ആകെ ₹ 7,55,619/- ചെലവഴിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 2) | പ്രൊജക്ട് നം. | 6/2023 |
| | പ്രവൃത്തി | ആഴകം പുത്തൻ പാലം ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് നീട്ടൽ |
| | കരാറുകാരൻ | ശ്രീ. ജോയി കെ എ |
| | എം ബുക്ക് | 34/21-22 |
| | Agreements | 24/A E/21-22 Dtd 28-1-22 |
| | എസ്റ്റിമേറ്റ് | ₹ 5,00,000/- |
| | ആകെ പ്രവൃത്തി | ₹ 4,17,383/- (Bill No.27/22-8-22) |

ഈ പ്രവൃത്തിക്ക് 160 Mm 6kg F/cm2 Pvc പൈപ്പ് 60 മീറ്റർ നീളത്തിൽ ഇടുന്നതിന് ആകെ
60m X 1555/m = ₹ 93,300 /-
110 Mm 6kgf/cm2 Pvc പൈപ്പ് 337.90m മീറ്റർ നീളത്തില് ഇടുന്നതിനും
337.90m M X 777/m = ₹ 2,62,548/- മറ്റ് പ്രവർത്തികളും ഉൾപ്പെടെ ആകെ ₹ 4,17383/- ചെലവഴിച്ചിട്ടുണ്ട്.

ഈ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ പൈപ്പ് സ്ഥാപിച്ച സ്ഥലവും ഇതിന്റെ ഗുണഭോക്താക്കളുടെ വിവരങ്ങളും രേഖപ്പെടുത്തി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 5, തീയതി. 23.06.2023ന് മറുപടിയിൽ മൂക്കന്നൂർ പഞ്ചായത്തിലെ പരിസരത്തുള്ള 130 പാടങ്ങളിൽ കൃഷി ചെയ്യുന്നതിന് ഈ ലിഫ്റ്റ് ഇറിഗേഷൻ പ്രൊജക്ട് സഹായമാകുന്നു എന്നും ഏതാണ്ട് 60 ഹെക്ടർ സ്ഥലത്ത് വെള്ളം എത്തിക്കുന്നതിനും സഹായമാകുന്നു എന്നാണ്. മുൻ കാലങ്ങളിൽ ചെയ്ത പൈപ്പ് ലൈൻ ഇട്ടതിന്റെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്നും അവ എഴുതി സൂക്ഷിക്കുന്നതാണ് എന്നുള്ള മറുപടി ലഭ്യമാക്കി.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ ഇതുവരെ ചെയ്ത പൈപ്പ് ലൈൻ ചെയ്ത വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.

## 1–25 ഐ.കെ.എം വിഹിതം നല്കൽ

| | |
|---|---|
| പ്രൊജക്ട് നം., പേര് | 41/23, IKM ന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ | ₹ 136,359/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | ₹ 136,359/- (ബിൽ നം. 62/18.11.2022 |

സെക്രട്ടറി നിർവഹണം ചെയ്ത മേൽ പദ്ധതിക്ക് പ്രകാരം ₹ 136,359/- ഐ.കെ.എം ന് കൈമാറിയിട്ടുണ്ട്. മുൻ വർഷങ്ങളിലെ കുടിശ്ശികയുൾപ്പെടെയുള്ള തുകയാണ് ഐ.കെ.എം ന്റെ ഡിമാന്റ് ലെറ്റർ പ്രകാരം അടവാക്കിയിട്ടുള്ളത്. എന്നാൽ ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ₹ 136359/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | വാർഷിക ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | |

### 4-2 സംയുക്ത പ്രൊജക്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | 2022-23 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| കാലടി ഗ്രാമപഞ്ചായത്ത് | 0 | 2022-23 | 2,80,000 | പി.എം.എ.വൈ ഭവന പദ്ധതി, ഗ്രാമ പഞ്ചായത്ത് വിഹിതം | 2,80,000 | 0 |
| തുറവൂർ ഗ്രാമ പഞ്ചായത്ത് | 0 | 2022-23 | 1,40,000 | പി.എം.എ.വൈ ഭവന പദ്ധതി, ഗ്രാമ പഞ്ചായത്ത് വിഹിതം | 1,40,000 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 2022-23 | 11,76,000 | പി.എം.എ.വൈ ഭവന പദ്ധതി, ജില്ലാ പഞ്ചായത്ത് വിഹിതം | 11,76,000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | നൽകിയ തുക ₹ | ബിൽനം, തീയതി | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | 30/23-കറുകുറ്റി ഗ്രാമ പഞ്ചായത്ത്-ആമത്തറ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 8,41,600 | 124/ 12.01.2023 | 0 | 8,41,600 |
| 2 | 29/23-മഞ്ഞപ്ര ഗ്രാമ പഞ്ചായത്ത്-പുതുമന കപ്പേള ചന്ദ്രപ്പുര കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 6,00,000 | 114/ 10.01.2023 | 0 | 6,00,000 |
| 3 | 28/23-മഞ്ഞപ്ര ഗ്രാമ പഞ്ചായത്ത്-ശാന്തിനഗർ-പുല്ലൻത്താൻ കവല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 6,00,000 | 113/ 10.01.2023 | 0 | 6,00,000 |
| 4 | 25/23-കറുകുറ്റി ഗ്രാമ | 5,00,000 | 123/ | 0 | 5,00,000 |

| | | | | | |
|---|---|---|---|---|---|
| | പഞ്ചായത്ത്-പാലിശ്ശേരിശാസ്താമ്പാറ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | | 12.01.2023 | | |
| 5 | 111/23-കാഞ്ഞൂർ ഗ്രാമ പഞ്ചായത്ത്-2ാം വാർഡ് എ.കെ.ജി ലൈൻ-റെയിൽ റോഡ് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 1,00,000 | 135/ 23.01.2023 | 0 | 1,00,000 |
| | | 94,000 | ചെക്ക് നം 6946187/ 24.01.2023 | 0 | 94,000 |
| | ആകെ | 27,35,600 | | 0 | 27,35,600 |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി മുൻകൂർ ക്രമീകരിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3.6 | 2005-06 | 2.3.5.1 | ജനകീയ ഭവന പദ്ധതി അപാകതകൾ | ജില്ലാ പഞ്ചായത്തിനോട് നടപടി ആവശ്യപ്പെട്ടിട്ടുണ്ട് |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 6,75,14,768 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 6,57,29,462 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 38,45,833 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | ₹17,400 | ശ്രീമതി. സായാഹ്ന കെ.ജെ, സി.ഡി.പി.ഒ, അഡീഷണൽ |
| 1-13 | ₹4,60,000 | ശ്രീ. അഭിലാഷ് എം.ആർ, സെക്രട്ടറി |
| 1-15 | ₹61,597 | ശ്രീമതി. അജിതാമോൾ, ക്ഷീര വികസന ഓഫീസർ |
| 1-16 | ₹4,08,000 | ശ്രീമതി. സോയ സദാനന്ദൻ, സി.ഡി.പി.ഒ |
| 1-18 | ₹26,877 | ശ്രീ. അഭിലാഷ് എം.ആർ, സെക്രട്ടറി |
| 1-22 | ₹27,35,600 | ശ്രീ. അഭിലാഷ് എം.ആർ, സെക്രട്ടറി |
| 1-24 | ₹1,36,359 | ശ്രീ. അഭിലാഷ് എം.ആർ, സെക്രട്ടറി |
| ആകെ | ₹38,45,833 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ബാധകമല്ല

**(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അഭിലാഷ് എം.ആർ, സെക്രട്ടറി | സെക്രട്ടറി, അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | മേക്കര വീട് ,വൈറ്റില |
| ശ്രീമതി. സായാഹന കെ.ജെ, സി.ഡി.പി.ഒ അഡീഷണൽ | സി.ഡി.പി.ഒ അഡീഷണൽ അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | രാഗസന്ദേശ് വീട്, വല്ലാർപ്പാടം - 682504 |
| ശ്രീമതി. സോയ സദാനന്ദൻ, സി.ഡി.പി.ഒ | സി.ഡി.പി.ഒ, അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | തച്ചറവെളി, ചാരമണലം, മായിത്തറ മാർക്കറ്റ്, ചേർത്തല. |
| ശ്രീമതി. അജിതാമോൾ, ക്ഷീര വികസന ഓഫീസർ | ക്ഷീര വികസന ഓഫീസർ, അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | മുപ്പത്തടത്തിൽ വീട് സൗത്ത് വാഴക്കുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 1697/2019 തീ.04.10.2019 | 1 |

| | | |
|---|---|---|
| 2000-2001 | ,, | 2 |
| 2001-2002 | ,, | 1 |
| 2003-2004 | ,, | 3 |
| 2007-2008 | ,, | 6 |
| 2008-2009 | ,, | 1 |
| 2009-2010 | ,, | 1 |
| 2012-2013 | ,, | 1 |
| 2016-2017 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 1165/2019 തീ.30.09.2019 | 3 |
| 2017-2018 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 288/2019 തീ.11.07.2019 | 8 |
| 2018-2019 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 1587/2019 തീ.17.06.2020 | 4 |
| 2019-2020 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 933/2019 തീ.06.12.2021 | 34 |
| 2020-2021 | കെ.എസ്.എ ഇ.കെ.എം (ബി.പി.)552/22 തീ.03.06.2022 | 12 |
| 2021-2022 | കെ.എസ്.എ ഇ.കെ.എം (ബി.പി.)1937/22 തീ.28.12.2022 | 11 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 24-05-2023 and submitted on 25-05-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Angamaly Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my

opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Angamaly Block Panchayat for the year 2022-2023

**Date: 04/09/2023**

**Joint Director**
**District Office Ernakulam**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Angamaly Block Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information
2.Lack of Panchayath Raj Budget rules adversely affecting budgetary control system.
3.The Asset value shown in Balance Sheet is not traceable to Asset register Due to un supported design of existing asset register.
4.Non inclusion of Notes to accounts in Financial statements and non disclosure of material facts.

**2.Other Observations**

Deposits amount shown in Register does not match with Financial Statements

Joint Director
District Audit Office, Ernakulam
kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്